പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1850 07.03.2018 ൽ മറുപടിയ്ക്ക്

ന്യായവില ഭക്ഷണ ഷോപ്പുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യോൽപ്പന്നങ്ങളുടെ വില സാധാരണക്കാരന് അപ്രാപ്യമാകുന്ന രീതിയിൽ ഉയർന്നതിനാൽ ന്യായവില ഭക്ഷണ ഷോപ്പുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കൽ ഏതു ഘട്ടം വരെയായി; | (എ) യും (ബി) യും (സി) യും | സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടായിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ഭക്ഷണത്തിന് വകയില്ലാത്ത വിശക്കുന്നവർക്കെല്ലാം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതിന് 'വിശപ്പ് രഹിത കേരളം' പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ രണ്ടു ജില്ലകളിൽ പൈലറ്റ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നുണ്ട്. വരുന്ന സാമ്പത്തിക വർഷം മുതൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |
| (ബി) എവിടെയൊക്കെയാണ് ഇത്തരം ന്യായവില ഷോപ്പുകൾ ആരംഭിച്ചിട്ടുള്ളത് ; | | |
| (സി) ഭക്ഷ്യോൽപ്പന്നങ്ങൾ വിലകുറച്ച് നൽകുന്ന ന്യായവില ഭക്ഷണ ഷോപ്പുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ